(ബി) ഏറ്റവും നല്ലനിലയിൽ സാമൂഹ്യസാംസ്ക്കാരിക പ്രവർത്തനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും നടത്തി വരുന്ന ഈ സ്ഥാപനത്തിന് കൈവശ ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള തടസ്സം എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) മറ്റാർക്കും അവകാശപ്പെടാൻ അർഹതയില്ലാത്ത ഈ ഭൂമി അടിയന്തിരമായി വർക്കല മഹിളാസമാജത്തിന് പതിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കൈവശഭൂമി നാമമാത്ര വിലയ്ക്ക് പതിച്ചു നൽകണമെന്നാണ് വർക്കല മഹിളാസമാജം അഭ്യർത്ഥിച്ചിരിക്കുന്നത്. കമ്പോളവില നൽകി പതിച്ചോ, ദീർഘകാലപാട്ടത്തിനോ ഭൂമി ഏറ്റെടുക്കാൻ തയ്യാറാണോ എന്ന് സമാജത്തോട് സർക്കാർ ആരാഞ്ഞിരുന്നു. എന്നാൽ ഭൂമി നാമമാത്ര വിലയ്ക്ക് പതിച്ചു നൽകണമെന്ന മുൻനിലപാട് സമാജം ആവർത്തിക്കുകയാണ് ചെയ്തത്. ആയതിനാൽ മഹിളാസമാജത്തിന്റെ ആവശ്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

86 (643) തെറ്റുപാറ കോളനിയിലെ കൈവശക്കാർക്ക് കൈവശഭൂമി പതിച്ചു നൽകുന്നതിനു നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ താലൂക്കിൽ കോയിപ്രം പഞ്ചായത്തിൽ തെറ്റുപാറ കോളനിയിലെ ഭൂരഹിതരായ കൈവശക്കാർക്ക് കൈവശഭൂമി പതിച്ചുനൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) വർഷങ്ങളായി താമസിച്ചു വരുന്ന ഭൂരഹിതരായ കൈവശക്കാർക്ക് ഭൂമി പതിച്ചു നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൈവശക്കാർക്ക് കൈവശഭൂമി പതിച്ചു നൽകുന്നതിന് പഞ്ചായത്തിൽനിന്നും അനുവാദ പത്രികകൾ നൽകിയിട്ടില്ലാത്തതിനാൽ പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്.

(സി)&(ഡി) പഞ്ചായത്തിൽനിന്നും കൈവശക്കാരെ അംഗീകരിച്ച് ഭൂമി അനുവദിച്ചു കൊണ്ടുള്ള സമ്മതപത്രം നൽകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly